ഉത്തരം

(എ) കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഈ സർക്കാർ വായ്പയൊന്നും എടുത്തിട്ടില്ല.

(ബി) സർക്കാർ ആവശ്യത്തിന് വേണ്ടി എടുത്ത വായ്പയുടെ വിശദാംശങ്ങൾ ഇനി പറയും പ്രകാരമാണ്. എൽ.ഐ.സി.യിൽ നിന്നുമുള്ള വായ്പയുടെ പലിശ നിരക്ക് 8% മുതൽ 13% വരെയാണ്. ജി.ഐ.സി.യിൽ നിന്നും എടുത്ത വായ്പകളുടെ പലിശ നിരക്ക് 8.5% മുതൽ 13% വരെയും എൻ.സി.ഡി.സി. വായ്പകളുടെ നിരക്ക് 12% മുതൽ 16% വരെയുമാണ്. നബാർഡിൽ നിന്നുമുള്ള വായ്പകളുടെ നിരക്ക് 7.5% മുതൽ 8% വരെയാണ്. നബാർഡിൽ നിന്നും ആർ. ഐ. ഡി. എഫ്. പ്രകാരം എടുക്കുന്ന വായ്പയുടെ പലിശ നിരക്ക് 8.5% മുതൽ 13% വരെയാണ്. ഓരോ പദ്ധതിക്കുമുള്ള പലിശ നിരക്കിൽ വ്യത്യാസം ഉണ്ടാകും. എ.ഡി.ബി. വായ്പയുടെ പലിശ നിരക്ക് 10.5% ആണ്. സർവ്വീസ് ചാർജ്, കൺസൾട്ടേഷൻ ഫീസ് ഇനത്തിൽ സംസ്ഥാനത്തിന് ചെലവൊന്നുമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടപ്പത്രം വഴി സ്വരൂപിച്ച വികസന വായ്പകൾക്ക് 6.35% മുതൽ 9.56% വരെ പലിശ നൽകുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന വായ്പകൾക്ക് ഓരോ കോടി രൂപയ്ക്കും യഥാക്രമം രൂപ 1000 രൂപ 300 എന്നീ നിരക്കുകളിൽ മാനേജ്മെന്റ് ഫീസ്, സൺട്രി ചാർജ് എന്നിവ റിസർവ്വ് ബാങ്കിന് നൽകി വരുന്നുണ്ട്.

ജീവനക്കാർക്ക് നൽകിയ ക്ഷാമബത്തയും ആനുകൂല്യങ്ങളും

13 (1065) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുൻസർക്കാരിന്റെ കാലത്ത് കുടിശ്ശികയായ എത്ര ഗഡു ക്ഷാമബത്ത ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊടുത്തു തീർത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായി ഉണ്ടായിരുന്ന 4 ഗഡു (11%) ക്ഷാമബത്ത ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്തു തീർത്തിട്ടുണ്ട്.

പ്രത്യുൽപ്പാദന മേഖലകളിൽ ചെലവഴിച്ച തുക

14 (1066) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യുൽപ്പാദനപരമായ ഏതെല്ലാം മേഖലകളിൽ എത്ര രൂപ വീതം മുടക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

	മേഖല	പദ്ധതിച്ചെലവ് (രൂപ കോടിയിൽ) 2001-02 (താൽക്കാലികം)	2002-03
1.	കൃഷിയും അനുബന്ധമേഖലകളും	195.81	220.88
2.	ജലസേചനവും വെള്ളപൊക്ക നിയന്ത്രണവും	176.95	156.40
3.	വൈദ്യുതി	456.38	558.47
4.	വ്യവസായവും ധാതുക്കളും	126.32	187.45
5.	ശുദ്ധജല വിതരണവും മലിനജല നിവാരണവും	100.52	122.88
6.	ഗതാഗതം (വിനോദസഞ്ചാരം ഒഴികെ)	243.32	397.02

ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഏകദേശം 485 കോടി രൂപയോളം ഉല്പാദന മേഖലയിൽ മുടക്കിയിട്ടുണ്ട്.

ചെലവ് ചുരുക്കൽ നടപടികളുടെ പുരോഗതി

15 (1067) ശ്രീ. മത്തായി ചാക്കോ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി പി. കെ. ശ്രീമതിടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ചെലവ് ചുരുക്കൽ നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) യാത്രപ്പടി, ടെലഫോൺ ചാർജ് തുടങ്ങിയ ഇനങ്ങളിൽ ഓരോ മന്ത്രിമാർക്കും പ്രതിവർഷം ഉണ്ടാകുന്ന ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ചെലവുകൾ ചുരുക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) അതിന്റെ വിശദാംശങ്ങൾ കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ താരതമ്യത്തിന്റെ അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

(ഇ) ഓരോ ഡിപ്പാർട്ടുമെന്റിലും ചെലവ് ചുരുക്കലിന്റെ ഭാഗമായി വരുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഏവ ;

(എഫ്) ഈ നിയന്ത്രണങ്ങളുടെ പ്രവർത്തന പുരോഗതി എന്ത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly